<u>പതിനാലാം കേരള നിയമസഭ</u>
<u>പതിനാറാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3402 **08.11.2019 ൽ** മറുപടിക്ക്

## പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് വകഭൂമിയിൽ വനിതാ ഹോസ്റ്റൽ നിർമ്മാണം

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.കെ.ബി.ഗണേഷ് കുമാർ** | **എ.സി. മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ | കേന്ദ്രസർക്കാർ പദ്ധതിയിലോ മറ്റ് ഏതെങ്കിലും പദ്ധതികളിലോ ഉൾപ്പെടുത്തി, പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് വക ഭൂമിയിൽ വനിതാ ഹോസ്റ്റൽ നിർമ്മിക്കുന്നതിന് സ്ഥലം നൽകണമെന്ന അപേക്ഷയോ ശിപാർശയോ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് പി.എം.ജെ.വി.കെ. (പ്രധാനമന്ത്രി ജൻവികാസ് കാര്യക്രം) പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വക സ്ഥലത്ത് 250 ലക്ഷം രൂപ ചെലവിൽ വനിത ഹോസ്റ്റൽ നിർമ്മിക്കുന്നതിന് കേന്ദ്ര ന്യൂനപക്ഷക്ഷേമ വകുപ്പിൽ നിന്നും അംഗീകാരവും അനുമതിയും ലഭിച്ചിട്ടുണ്ട്. |
| ബി | ഉണ്ടെങ്കിൽ ആരുടെ ശിപാർശയാണെന്നും അതു സംബന്ധിച്ച വിശദാംശങ്ങളും വ്യക്തമാക്കുമോ; | ബി) കേന്ദ്ര ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ 10.04.2019 ലെ എഫ് നം. 11/11/2016-MsDP(Pt.) (Vol.II) നമ്പർ കത്ത് പ്രകാരം അറിയിപ്പ് ലഭിച്ചിട്ടുണ്ട്. |
| സി | ഇക്കാര്യത്തിൽ സർക്കാരിലെയോ ത്രിതല പഞ്ചായത്ത് സമിതി-കളിലെയോ ഏതെങ്കിലും തലങ്ങളിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ; | സി)&ഡി) വനിത ഹോസ്റ്റൽ നിർമ്മിക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ഉദ്ദേശിച്ചിട്ടുള്ള സ്ഥലം ജിയോ ടാഗ് ചെയ്തിട്ടുള്ളതും ആയത് പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 04.10.2019 ലെ 4(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതുമാണ്. |
| ഡി | ഏങ്കിൽ അത് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**